(സി) എന്തുകൊണ്ടാണ് ഈ വിഭാഗത്തിൽ നിയമനം നടക്കാത്തത് ;

(ഡി) സംസ്ഥാനത്താകെയുള്ള പി.എച്ച്.സി. കളിൽ ഹെൽത്ത് ഇൻസ്പെക്ടർമാരുടെ ഒഴിവുകൾ എത്ര വീതം ഉണ്ടെന്ന് ജില്ല തിരിച്ചുള്ള എണ്ണം സഹിതം വിശദമാക്കുമോ ;

(ഇ) ജില്ലാ മെഡിക്കൽ ഓഫീസർമാർ പ്രസ്തുത തസ്തികകളുടെ ഒഴിവു വിവരം പി.എസ്.സി.യെ അറിയിക്കാൻ തയ്യാറാക്കാത്തതിന്റെ കാരണം എന്താണെന്ന് കണ്ടെത്തിയിട്ടുണ്ടോ ; എങ്കിൽ ഒഴിവുകൾ റിപ്പോർട്ട് ചെയ്യാൻ അടിയന്തര നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) ഇല്ല.

(ബി) ഉണ്ട്.

(സി) എല്ലാ ജില്ലകളിലും ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ്-2 തസ്തികയിൽ പി.എസ്.സി. നിയമനത്തിനുള്ള ഒഴിവുകളുണ്ടാകുന്ന മുറയ്ക്ക് ഒഴിവുകൾ പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്യുകയും പി.എസ്.സി. മുഖേന നിയമനം നൽകുകയും ചെയ്യുന്നുണ്ട്.

(ഡി) അനുബന്ധമായി ചേർക്കുന്നു. †

(ഇ) ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് -2 തസ്തികയിലെ നേരിട്ടുള്ള നിയമനത്തിനായുള്ള ഒഴിവുകൾ യഥാസമയം പി.എസ്.സി.യ്ക്ക് റിപ്പോർട്ട് ചെയ്യാറുണ്ട്.

എൻ.ആർ.എച്ച്.എം.പദ്ധതിയുടെ കീഴിലുള്ള ജീവനക്കാരുടെ സേവനം

50 (639) ശ്രീ. എം. പ്രകാശൻ മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എൻ. ആർ. എച്ച്. എം. പദ്ധതിയിൻകീഴിൽ ജോലി ചെയ്യുന്ന ആയുർവ്വേദ-ഹോമിയോ ഡോക്ടർമാർക്ക് ഇപ്പോൾ നൽകിവരുന്ന വേതനം എത്രയാണെന്ന് വ്യക്തമാക്കുമോ ;

(ബി) ഇവരുടെ വേതനം വർദ്ധിപ്പിക്കണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) എങ്കിൽ ഇക്കാര്യത്തിൽ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ ;

(ഡി) പ്രസ്തുത വിഭാഗം ഡോക്ടർമാരുടെ വേതനം വർദ്ധിപ്പിക്കുവാൻ അടിയന്തര നടപടി സ്വീകരിക്കുമോ ?

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) എൻ.ആർ.എച്ച്.എം. പദ്ധതിയിൻകീഴിൽ ജോലി ചെയ്യുന്ന ആയുർവേദ-ഹോമിയോ ഡോക്ടർമാർക്ക് ഇപ്പോൾ നൽകിവരുന്ന വേതനം 15,000 രൂപയാണ്.

(ബി-ഡി) ഡോക്ടർമാരുടെ വേതനം 2010 സെപ്റ്റംബർ മാസം മുതൽക്കാണ് 15,000 രൂപയായി വർദ്ധിപ്പിച്ചു നൽകിയിട്ടുള്ളത്.

എൻ.ആർ.എച്ച്.എം. പദ്ധതി മുഖേനയുള്ള കെട്ടിട നിർമ്മാണം

51 (640) ശ്രീ. തോമസ് ചാണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചമ്പക്കുളം പി.എച്ച്.സി. യിൽ എൻ.ആർ.എച്ച്.എം പദ്ധതിയിൽപ്പെടുത്തി കെട്ടിടനിർമ്മാണത്തിനുള്ള പ്രൊപ്പോസൽ ക്യാൻസൽ ചെയ്ത തീരുമാനം പുന:പരിശോധിക്കുന്നതിന് നടപടി സ്വീകരിക്കുമോ ;

(ബി) ചമ്പക്കുളം ബ്ലോക്ക് പഞ്ചായത്ത് പഴയ കെട്ടിടം പൊളിച്ചു മാറ്റുന്നതിന് നടപടി സ്വീകരിക്കുകയാണെങ്കിൽ എൻ. ആർ. എച്ച്. എം. പദ്ധതിയിൽ പുതിയ കെട്ടിട നിർമ്മാണത്തിന് നടപടി സ്വീകരിക്കുമോ ; ഇല്ലെങ്കിൽ കാരണം വിദമാക്കുമോ ?

ഉത്തരം

(എ&ബി) എൻ.ആർ.എച്ച്.എം.-ന്റെ പി.ഐ.പി. പ്രകാരമുള്ള പ്രവർത്തനങ്ങൾക്കാണ് മുൻഗണന നൽകിയിട്ടുള്ളത്. പ്രസ്തുത നിർമ്മാണ പ്രവർത്തനം എൻ.ആർ.എച്ച്. എം./പി.ഐ .പി.-യിൽ ഉൾപ്പെടുത്തിയിട്ടില്ലാത്തതിനാൽ ആയത് ഈ സാമ്പത്തികവർഷം ചെയ്യുവാൻ സാധിക്കുകയില്ല.

നാഷണൽ റൂറൽ ഹെൽത്ത് മിഷൻ 2005-2010 കാലയളവിൽ ആരോഗ്യമേഖലയിൽ ചെലവഴിച്ച തുക

52 (641) ശ്രീ. കെ. പി. മോഹനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നാഷണൽ റൂറൽ ഹെൽത്ത് മിഷൻ 2005-10 കാലയളവിൽ സംസ്ഥാനത്ത് ആരോഗ്യ മേഖലയിൽ എത്ര രൂപ വിനിയോഗിച്ചുവെന്ന് ജില്ല തിരിച്ച് കണക്ക് വെളിപ്പെടുത്തുമോ ;

(ബി) എൻ. ആർ. എച്ച്. എം. പ്രകാരം 2005-10 കാലയളവിൽ കണ്ണൂർ ജില്ലയിൽ ഏതൊക്കെ സർക്കാർ ആശുപത്രിയിൽ എന്തൊക്കെ പദ്ധതികൾ നടപ്പിലാക്കിയെന്ന് വെളിപ്പെടുത്തുമോ ;

(സി) ഓരോ പദ്ധതിക്കും അനുവദിച്ച തുകയും വിനിയോഗിച്ച തുകയും എത്രയെന്ന് പദ്ധതി സഹിതം വിശദീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly